(എ) തിരുവനന്തപുരത്ത് പാർവ്വതി പുത്തനാറിലെ മാലിന്യങ്ങൾ മാറ്റി സഞ്ചാരയോഗ്യമാക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ ; എങ്കിൽ ഇതിന്റെ പണി എത്രത്തോളമായി ;

(ബി) ഇപ്പോൾ ഇതിന്റെ പണി നടക്കുന്നുണ്ടോ ; ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാകും ; വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ടി.എസ്. കനാലിന്റെ ഭാഗമായ ഇടയാർ മുതൽ ആക്കുളം വരെയുള്ള കനാൽ നവീകരിക്കുന്നതിനുള്ള പദ്ധതി വിനോദസഞ്ചാര വകുപ്പിന്റെയും, കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ വകുപ്പിന്റെയും സംയുക്ത സാമ്പത്തിക സഹകരണത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. ഇതിന്റെ ജോലി രണ്ട് ഭാഗത്തുനിന്നുമായി യന്ത്രസഹായത്തോടുകൂടി പുരോഗമിച്ചു വരുന്നു. ഈ ജോലി 2001 ജനുവരിയിൽ തീർക്കുവാൻ ആണ് ഉദ്ദേശിച്ചിരുന്നതെങ്കിലും, പ്രതീക്ഷിച്ചത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞില്ല. മാർച്ച് മാസത്തിന് മുൻപെങ്കിലും ഇതിന്റെ പണി പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കൺസൾട്ടൻസി നിയമനം

40(243) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 5 ജില്ലകളിൽ കുടിവെള്ളം നൽകുന്നതിന് ജപ്പാൻ സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കാൻ പോകുന്ന പദ്ധതിയുടെ കൺസൾട്ടസിയെ നിയമിക്കാനുള്ള തീരുമാനം റദ്ദാക്കി റീ ടെണ്ടർ വിളിക്കാനുള്ള തീരുമാനം എന്നാണ് എടുത്തതെന്ന് വെളിപ്പെടുത്തുമോ ;

(ബി) റീ ടെണ്ടർ വിളിക്കാൻ തീരുമാനിച്ചതിനുശേഷം എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) റീ ടെണ്ടറിനായി ഗ്ലോബൽ ടെണ്ടർ വിളിച്ചിരുന്നോ ; ഇല്ലെങ്കിൽ എന്നാണ് വിളിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 6-9-2000-ൽ

(ബി&സി) സർക്കാർ തീരുമാനത്തിന് ജെ.ബി.ഐ.സി.യുടെ അംഗീകാരം ലഭ്യമാക്കുന്നതിലേക്കായി കേന്ദ്രസർക്കാരിന്റെ ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അവരുടെ മറുപടി ലഭ്യമായിട്ടില്ല. ജെ.ബി.ഐ.സി.യുടെ അനുവാദം കിട്ടിയശേഷമേ ടെണ്ടർ വിളിക്കുന്നതിനുള്ള തീയതി നിശ്ചയിക്കുവാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly